# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 957 — 08/01/2014- ൽ മറുപടിക്ക്

### ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>,, എ.റ്റി. ജോർജ്<br>,, വി.റ്റി. ബൽറാം<br>,, വി.പി. സജീന്ദ്രൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ;വിശദമാക്കാമോ; | എ) ഉണ്ട്. പാരിപ്പള്ളിയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) ഇതിന് കേന്ദ്രാനുമതിലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഉണ്ട്. |
| (സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം പാരിപ്പള്ളിയിൽ നിലവിലുള്ള ആശുപത്രിയോട് ചേർന്ന് സ്വന്തമായുണ്ട്. ആവശ്യമായ മൂലധനം, ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പാരിപ്പള്ളിയിൽ ഇ.എസ്.ഐ. ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ HLL ലൈഫ് കെയർ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ആദ്യഘട്ടത്തിൽ 300 കിടക്കകളുള്ള ആശുപത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അടുത്ത അധ്യയന വർഷം ക്ലാസുകൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ